**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3479** **08-10-2025 - ൽ മറുപടിയ്ക്ക്**

**മലബാറിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അഡീഷണൽ ബാച്ചുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലബാറിലെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2021 മുതൽ നാളിതുവരെ എത്ര അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്നും അഡീഷണൽ ബാച്ചുകളിലേക്ക് എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | മലബാറിലെ ഹയർ സെക്കൻഡറി സ്കൂളുകളിൽ 2021 മുതൽ നാളിത് വരെ 318 താത്കാലിക അധിക ബാച്ചുകൾ അനു വദിച്ചിട്ടുണ്ട്. ടി ബാച്ചുകൾ താത്കാലിക ബാച്ചുകൾ ആയതിനാൽ അധ്യാപക തസ്തികകൾ അനുവദിച്ചിട്ടില്ല. |
| (ബി) | സ്ഥിരം അദ്ധ്യാപകർ ഇല്ലാത്തത് കാരണം മലബാറിലെ സ്കൂളുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലബാർ മേഖലയിലെ ഷിഫ്റ്റഡ് ബാച്ചുകളിലും താത്കാലിക അധിക ബാച്ചുകളിലും മാത്രമാണ് തസ്തികകൾ അനുവദിക്കാനുള്ളത്. താത്കാലികമായി അനുവദിച്ച അധിക ബാച്ചുകൾ ആയതിനാൽ ഇവയ്ക്ക് അധ്യാപക തസ്തികകൾ അനുവദിച്ചിട്ടില്ല. |
| (സി) | നാലുവർഷം പൂർത്തിയായ 71 താൽക്കാലിക ബാച്ചുകളിലേക്ക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | താത്കാലികമായി അനുവദിച്ച അധിക ബാച്ചുകളിൽ അധ്യാപക തസ്തികകൾ അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ